(ഇ) 2005 വാർഷിക അവധിക്കാലത്തും ഈ ഉച്ചക്കഞ്ഞി സമ്പ്രദായം തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 11315 സ്കൂളുകളിൽ.

(ബി) ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക്.

(സി) 31,37,684 വിദ്യാർത്ഥികൾ (2004-2005-ലെ കണക്ക് പ്രകാരം) പഠിക്കുന്നു.

(ഡി) 26,97,244 വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകിയിട്ടുണ്ട്.

(ഇ) 2004-2005 മദ്ധ്യവേനലവധിക്കാലത്ത് സർക്കാർ വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി വിതരണം നടത്തിയിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യൽ

211 [1612] ശ്രീ. കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്ക്കൂൾ അമാൽഗമേഷൻ

212 [1613] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്ക്കൂൾ അമാൽഗമേഷൻ സംബന്ധിച്ച 7-6-2005-ലെ ജി. ഒ. (ആർ. ടി.) 2355/05/ജി. എ. ഡിൻ നമ്പർ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നമ്പർ 18665/05 (വി)-ൽ 23-6-2005-ലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ടി റിട്ട് പെറ്റീഷൻ മേൽ ബഹു. ഹൈക്കോടതിയുടെ തീരുമാനത്തിനനുസൃതമായി മാത്രമേ മേൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

അംഗീകാരം ലഭിച്ചിട്ടില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിലെ കോഴ്സുകളുടെ അംഗീകാരം

213 [1615] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിൽ നടത്തപ്പെടുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗീകാരം ലഭിച്ചിട്ടില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിൽ പ്രത്യേകം കോഴ്സുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമത്തിന് സ്വീകരിച്ച നടപടി

214 [1620] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി–പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പട്ടിക ജാതി–പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്രത്തിൽനിന്നും 2004-05-ൽ എന്തു തുക ലഭിച്ചു; ഇതിൽ എന്തു തുക ചെലവഴിച്ചു?

LIBRARY ARCHIVES Kerala Legislative Assembly